jaagrathayude Keraleeyam
Rs. 25/- 2014 June

**ക്ലോഡ് അൽവാരിസ് പ്രഭാഷണം നടത്തും • സി.കെ. നബീലിന് ഫെലോഷിപ്പ്**

# ബിജു എസ്. ബാലൻ അനുസ്മരണ പരിസ്ഥിതി മാധ്യമ ഫെലോഷിപ്പ്

**2009** മുതൽ കേരളീയം നടത്തിവരുന്ന ബിജു എസ്. ബാലൻ അനുസ്മരണ പരിസ്ഥിതി മാധ്യമ ഫെലോഷിപ്പ് വിതരണവും അനുസ്മരണ പ്രഭാഷണവും 2014 ജൂൺ 28, ശനി വൈകീട്ട് 5ന് തൃശൂർ സാഹിത്യ അക്കാദമിയിൽ വച്ച് നടക്കും. 6-ാമത് പരിസ്ഥിതി മാധ്യമ ഫെലോഷിപ്പിന് അർഹനായിരിക്കുന്ന സി.കെ. നബീലിന് പ്രമുഖ പരിസ്ഥിതി പ്രവർത്തകനും എഴുത്തുകാരനുമായ ക്ലോഡ് അൽവാരിസ്, 10,002 രൂപയുടെ ഫെലോഷിപ്പ് കൈമാറും. തുടർന്ന് 'പശ്ചിമഘട്ട സംരക്ഷണം: പോരാട്ടങ്ങളുടെ ദിശ പുതിയ കാലത്തിൽ' എന്ന വിഷയത്തിൽ ക്ലോഡ് അൽവാരിസ് ബിജു.എസ്. ബാലൻ അനുസ്മരണ പ്രഭാഷണം നടത്തും. പശ്ചിമഘട്ട സംരക്ഷണത്തിനായി നിലപാടെടുത്ത മുൻ ഇടുക്കി എം.പി. പി.ടി. തോമസ് ചടങ്ങിൽ മുഖ്യാതിഥിയായി പങ്കെടുക്കും.

'പശ്ചിമഘട്ടത്തിന്റെ അതിജീവന സാധ്യതകൾ' എന്നതായിരുന്നു ഇത്തവണ ഫെലോഷിപ്പ് അപേക്ഷകർക്കായി നൽകിയ വിഷയം. 'പശ്ചിമഘട്ട മേഖലയിലെ ക്വാറികൾ: പ്രശ്നങ്ങൾ, പരിഹാരങ്ങൾ' എന്ന വിഷയത്തെക്കുറിച്ചുള്ള പഠന റിപ്പോർട്ടിനാണ് നബീലിന് ഫെല്ലോഷിപ്പ് നൽകുന്നത്. കാലിക്കറ്റ് സർവ്വകലാശാല ജേർണലിസം ഡിപ്പാർട്ട്മെന്റിലെ ബിരുദാനന്തര ബിരുദ മാധ്യമ വിദ്യാർത്ഥിയാണ് പൊന്നാനി സ്വദേശിയായ സി.കെ. നബീൽ. കേരളീയം കോളമിസ്റ്റും പരിസ്ഥിതിക അവബോധമുള്ള നിരവധി ലേഖനങ്ങളുടെ കർത്താവുമായ അന്തരിച്ച ബിജു എസ്. ബാലന്റെ പേരിലാണ് ഫെല്ലോഷിപ്പ് ഏർപ്പെടുത്തിയിരിക്കുന്നത്.

കേരളീയത്തിന് ലഭിച്ച എൻട്രികളിൽ നിന്നും, കെ. രാജഗോപാൽ ചെയർപേഴ്സണും (മാധ്യമപ്രവർത്തകൻ), ഡോ. എസ്. ശങ്കർ (പരിസ്ഥിതി ശാസ്ത്രജ്ഞൻ), സി.ആർ നീലകണ്ഠൻ (പരിസ്ഥിതി പ്രവർത്തകൻ/ മാനേജർ, കെൽട്രോൺ), എസ്. ഉഷ (ഡയറക്ടർ, തണൽ, തിരുവനന്തപുരം) എന്നിവർ അംഗങ്ങളുമായ ജൂറിയാണ് ഫെലോഷിപ്പ് ജേതാവിനെ കണ്ടെത്തിയത്.

കേരളീയത്തിന്റെ പ്രഥമ ബിജു എസ്. ബാലൻ അനുസ്മരണ പരിസ്ഥിതി മാധ്യമ ഫെല്ലോഷിപ്പ് വി.പി റജീനയ്ക്കാണ് 2009 ൽ ലഭിച്ചത്. 'കേരളത്തിലെ ആശുപത്രി മാലിന്യങ്ങൾ സൃഷ്ടിക്കുന്ന പ്രശ്നങ്ങളെ' ക്കുറിച്ചുള്ള പഠന റിപ്പോർട്ടിനാണ് മാധ്യമം ദിനപത്രത്തിന്റെ കോഴിക്കോട് യൂണിറ്റിൽ സബ് എഡിറ്ററായ റജീനയ്ക്ക് ഫെല്ലോഷിപ്പ് ലഭിച്ചത്. 2009 ജൂൺ 28ന് തൃശ്ശൂർ ജവഹർ ബാലഭവനിൽ വച്ച് നടന്ന ചടങ്ങിൽ ഏഷ്യാനെറ്റ് മുൻ ഡയറക്ടറും ചെന്നൈയിലെ മീഡിയ റിസർച്ച് ഫൗണ്ടേഷന്റെ ഡയറക്ടറുമായ ശശികുമാർ റജീനയ്ക്ക് ഫെല്ലോഷിപ്പ് നൽകി. 'പരിസ്ഥിതിയും മാധ്യമങ്ങളും' എന്ന വിഷയത്തിൽ ശശികുമാർ ബിജു എസ്. ബാലൻ അനുസ്മരണ പ്രഭാഷണം നടത്തി.

2010 ലെ ഫെല്ലോഷിപ്പിന് കെ. സന്ദീപ് അർഹനായി. 'വികസനത്തിന്റെ മറവിൽ നടക്കുന്ന കണ്ടൽകാടുകളുടെ നശീകരണത്തെ'ക്കുറിച്ചുള്ള പഠന റിപ്പോർട്ടിനാണ് ജനയുഗം പത്രത്തിലെ സബ് എഡിറ്ററായിരുന്ന കെ. സന്ദീപിന് ഫെല്ലോഷിപ്പ് നൽകിയത്. 2010 ജൂൺ 28ന് തൃശ്ശൂർ ജവഹർ ബാലഭവനിൽ വച്ച് നടന്ന ചടങ്ങിൽ പ്രശസ്ത ഡോക്യുമെന്ററി സംവിധായകൻ ജോഷി ജോസഫ് സന്ദീപിന് ഫെലോഷിപ്പ് തുക കൈമാറി. 'ഭൂമിയും വികസനം സൃഷ്ടിക്കുന്ന ആഘാതങ്ങളും' എന്ന വിഷയത്തിൽ ജോഷി ജോസഫ് ബിജു എസ്. ബാലൻ അനുസ്മരണ പ്രഭാഷണം നടത്തി.

2011 ലെ ഫെല്ലോഷിപ്പ് കെ.പി. റഷീദിനാണ് ലഭിച്ചത്. 'കുടിയൊഴിപ്പിക്കലിന്റെ രാഷ്ട്രീയം: പരിസ്ഥിതിക്കും മനുഷ്യർക്കും വേണ്ടി ഒരന്വേഷണം' എന്ന വിഷയത്തെക്കുറച്ചുള്ള പഠന റിപ്പോർട്ടിനാണ് മാധ്യമം ദിനപത്രത്തിന്റെ തൃശൂർ യൂണിറ്റിൽ സബ് എഡിറ്ററായിരുന്ന റഷീദിന് ഫെല്ലേഷിപ്പ് ലഭിച്ചത്. 2011 ജൂൺ 28ന് തൃശൂർ സാഹിത്യ അക്കാദമി വൈലോപ്പിള്ളി ഹാളിൽ വച്ച് നടന്ന ചടങ്ങിൽ പ്രശസ്ത പരിസ്ഥിതി സംരക്ഷണ പ്രവർത്തകൻ പാണ്ഡുരംഗ ഹെഗ്ഡെ ഫെല്ലോഷിപ്പ് തുക റഷീദിന് കൈമാറി. അടിസ്ഥാനതല പരിസ്ഥിതി പ്രവർത്തനം നേരിടുന്ന വെല്ലുവിളികൾ, പ്രശ്നങ്ങൾ' എന്ന വിഷയത്തിൽ പാണ്ഡുരംഗ ഹെഗ്ഡെ അനുസ്മരണ പ്രഭാഷണം നടത്തി.

2012ലെ ഫെല്ലോഷിപ്പ് കെ. സുരേഷിനാണ് ലഭിച്ചത്. 'പ്ലാന്റേഷൻ കോർപ്പറേഷനും വനനശീകരണവും വനഭൂമിയുടെ അസ്വാഭാവിക വിതരണവും വിനിയോഗവും തദ്ദേശീയ ജനതയെ പാരിസ്ഥിതിക അഭയാർഥികളാക്കിയതിന്റെ ചരിത്രം: കാസർകോടിനെ ആ.സ്പദമാക്കി ഒരു പഠനം' എന്ന വിഷയത്തെക്കുറച്ചുള്ള പഠന റിപ്പോർട്ടിനാണ് മാതൃഭൂമി ദിനപത്രത്തിന്റെ കോഴിക്കോട് യൂണിറ്റിൽ സബ് എഡിറ്ററായ സുരേഷിന് ഫെലോഷിപ്പ് നൽകിയത്. 2012 ജൂൺ 28ന് തൃശൂർ സാഹിത്യ അക്കാദമി വൈലോപ്പിള്ളി ഹാളിൽ വച്ച് നടന്ന ചടങ്ങിൽ ബംഗാളി നാടകപ്രവർത്തകനും ആക്ടിവിസ്റ്റുമായ പർണാബ് മുഖർജി ഫെല്ലോഷിപ്പ് തുക സുരേഷിന് കൈമാറി. 'വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലെ സ്വാതന്ത്ര്യ സമരങ്ങളും ഭരണകൂട ഭീകരതയും' എന്ന വിഷയത്തിൽ പർണാബ് മുഖർജി 4-ാമത് ബിജു. എസ്. ബാലൻ അനുസ്മരണ പ്രഭാഷണം നടത്തി.

2013ലെ ഫെല്ലോഷിപ്പ് എൻ.എം. ഷീനാദാസിനാണ് ലഭിച്ചത്. 'നദീമണൽ ഖനനവും സുസ്ഥിര വികസനവും' എന്ന വിഷയത്തെക്കുറിച്ചുള്ള പഠന റിപ്പോർട്ടിനാണ് കൊച്ചിൻ യൂണിവേഴ്സിറ്റി സ്കൂൾ ഓഫ് ലീഗൽ സ്റ്റഡീസിൽ ബിരുദാനന്തര ബിരുദ നിയമ വിദ്യാർത്ഥിനിയായ ഷീനദാസിന് ഫെല്ലോഷിപ്പ് നൽകിയത്. 2013 ജൂൺ 28ന് തൃശൂർ സാഹിത്യ അക്കാദമി വൈലോപ്പിള്ളി ഹാളിൽ വച്ച് നടന്ന ചടങ്ങിൽ പ്രമുഖ മാധ്യമപ്രവർത്തകനും കൃഷി-ഭക്ഷ്യ-വാണിജ്യ വിശകലന വിദഗ്ധനുമായ ദേവീന്ദർ ശർമ്മ ഫെല്ലോഷിപ്പ് ജേതാവിന് തുക കൈമാറി. തുടർന്ന് 'ഗ്രാമീണ ഇന്ത്യയോടുള്ള മാധ്യമ അവഗണന കർഷകാത്മഹത്യക്കും പട്ടിണിക്കും കാരണമാകുന്നുണ്ടോ?' എന്ന വിഷയത്തിൽ അദ്ദേഹം 5-ാമത് ബിജു. എസ്. ബാലൻ അനുസ്മരണ പ്രഭാഷണം നടത്തി.

Regd. with Registrar of Newspaper of India under No.71285/99. Printed, Published and Owned by Sharat. S at Keraleeyam, Thrissur - 680021.
Printed at Root printers, Perumpilly lane, Chiyyaram P.O, Thrissur - 680 026. Editor : Sharat. S. Phone: 9747062146, E-mail: mailkeraleeyam@gmail.com